പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 331 27.02.2017 ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യകേന്ദ്രം കുടുംബക്ഷേമ കേന്ദ്രമാക്കാൻ നടപടി

| ചോദ്യം<br><br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിയമസഭാ നിയോജക മണ്ഡലത്തിലെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബക്ഷേമ കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കാമോ; | (എ) | ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അസംബ്ലി മണ്ഡലം/വികസന ബ്ലോക്കുകളിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം വീതം ഒന്നാംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതിയുണ്ട്. |
| (ബി) | കുടുംബക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നത് എന്ന് വിശദീകരിക്കാമോ; | (ബി) | കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാന ഘടകമായ പി.എച്ച്.സി-കളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതികൾ വിപുലപ്പെടുത്തും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും, പകർച്ച വ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നതിനുമായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിൽ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും, അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും, കോഴ്സുകളും നടത്തുന്നതാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും. ആരോഗ്യ പരിചരണം, കൗൺസിലിംഗ് എന്നിവയിൽ കുറച്ചുകൂടി ഉയർന്ന തോതിലുള്ള ഇടപെടലും ലക്ഷ്യമിടുന്നു. |
| (സി) | ഇ-ഹെൽത്ത് പദ്ധതി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ